# വിഭവം, അധികാരം, തെരഞ്ഞെടുപ്പ്

കേരളത്തിൽ സജീവ ചർച്ചാ വിഷയമായ പാലക്കാട് ജില്ലയിലെ കൊക്കകോള, പെപ്സി കോള കമ്പനികളുടെ പ്രവർത്തനങ്ങൾ, അവയ്ക്കെതിരായ സമരങ്ങൾ ഇവയുടെ പശ്ചാത്തലത്തിൽ വ്യാവസായിക, വാണിജ്യ ആവശ്യത്തിനുള്ള പ്രകൃതി വിഭവങ്ങളോടുള്ള സമീപനം തുടങ്ങിയവയെപ്പറ്റി വ്യത്യസ്ത തലങ്ങളിലെ രാഷ്ട്രീയ-സാമൂഹിക പ്രവർത്തകരോട് ചോദ്യങ്ങളുമായി ഈ ലോകസഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സമീപിക്കുകയുണ്ടായി. ജലം, വായു, മണ്ണ്, മണൽ, ഭൂമി, വിഭവം, അധികാരം, തെരഞ്ഞെടുപ്പ്...... അതെ നമുക്ക് തെരഞ്ഞെടുക്കാൻ അടിസ്ഥാന രാഷ്ട്രീയ പ്രശ്നങ്ങൾ. (വായനക്കാരുടെയും പ്രതികരണം പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ലക്കത്തിൽനിന്ന് തുടരുന്നു. വി.വി.രാഘവൻ, ടി.എൻ. പ്രതാപൻ, സി.പി.ജോൺ, ബിനോയ് വിശ്വം, കെ.പി.രാജേന്ദ്രൻ, കെ.രാധാകൃഷ്ണൻ, പി.എൻ.പ്രൊവിന്റ്, കെ. ചന്ദ്രൻപിള്ള, രാജാജി മാത്യു തോമസ്, കെ.ജി.ജയന്തി, ആർ.അജയൻ എന്നിവരുടെ പ്രതികരണം ലക്കം 82 ൽ കാണാം.) തയ്യാറാക്കിയത്/ശേഖരിച്ചത് : നീലകണ്ഠൻ, ഫൈസൽ ബാവ, ഷീബ അമീർ, റോബിൻ, ഷാജി, വെങ്കിടി, സുരേന്ദ്രൻ, അശോകൻ, ഇക്ബാൽ.

## ചോദ്യാവലി

1. പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൊക്കക്കോള കമ്പനി ഭൂഗർഭജലം ഊറ്റുന്നത് ജൂൺ 15 വരെ നിർത്തിവയ്ക്കാൻ സർക്കാർ നിർദ്ദേശിച്ചുവല്ലോ. ഭൂഗർഭജലം ഊറ്റുന്നത് നിർത്തുക, ഉൽപ്പന്നങ്ങളും ഉൽപ്പാദനാവശിഷ്ടങ്ങളും വിഷമാലിന്യ വിമുക്തമാണെന്നതിന് തെളിവ് ഹാജരാക്കുക എന്നീ നിബന്ധനകൾ പാലിക്കാത്തതിനാൽ കമ്പനിയുടെ ലൈസൻസ് പുതുക്കാതിരിക്കാനുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം സർക്കാർ സ്റ്റേ ചെയ്തത് ശരിയാണോ ? എന്തുകൊണ്ട് ? ഭൂഗർഭ ജലസ്രോതസ്സുകൾ മിക്കപ്പോഴും മഴകൊണ്ട് പെട്ടെന്ന് ശക്തിപ്പെടുന്നവയല്ലെന്നാണ് വിദഗ്ദാഭിപ്രായം. അതു ശരിയെങ്കിൽ കൊക്കകോള കമ്പനി വർഷക്കാലമായാൽ പ്രവർത്തിക്കാമെന്ന (ജൂൺ 15ന് ശേഷം) സർക്കാർ നിലപാട് ശരിയോ ?
2. കേരളത്തിൽ പലയിടത്തും പ്രവർത്തിക്കുന്ന, പ്രതിദിനം ലക്ഷക്കണക്കിന് ലിറ്റർ ഭൂഗർഭജലം ഊറ്റി വിൽക്കുന്ന ഇത്തരം കമ്പനികൾ പ്രവർത്തിക്കാൻ അനുവദിക്കുന്നത് ശരിയോ ? അനുവദിക്കുകയാണെങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ? ഈ കമ്പനികൾ എത്രകാലം നിലനിൽക്കും ?
3. കൊക്കകോളയേക്കാൾ വളരെ കൂടുതൽ ജലം പ്രതിദിനം ഊറ്റിയെടുക്കുന്ന പാലക്കാട് ജില്ലയിലെപുതുശ്ശേരി പഞ്ചായത്തിലെ പെപ്സി കമ്പനി അടച്ചുപൂട്ടാൻ സർക്കാർ തീരുമാനമെടുക്കേണ്ടതല്ലേ ? എന്തുകൊണ്ട് ?
4. പ്രകൃതി വിഭവങ്ങളെ (വെള്ളം, വായു, മണൽ, മണ്ണ്, സസ്യസമ്പത്ത്, .........) അമിതമായി ആശ്രയിക്കുന്ന വ്യവസായ വാണിജ്യസ്ഥാപനങ്ങൾ/രീതികൾ ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന് താങ്ങാവുന്നവയാണോ ? ഇത്തരം വിഷയങ്ങളെ സമഗ്രമായി പരിശോധിക്കുന്ന ഒരു പ്രകൃതിവിഭവ ഓഡിറ്റിനായി ഒരു ജനകീയ കമ്മീഷന് (ജനകീയ-രാഷ്ട്രീയ പ്രതിനിധികളും വിദഗ്ധരുമടങ്ങുന്നത്) രൂപം കൊടുക്കുന്നതിനെക്കുറിച്ച് നിങ്ങളുടെ നയസമീപനമെന്ത് ?
   - ക) മാവൂർ, കരിമുകൾ തുടങ്ങിയ വ്യവസായികാനുഭവങ്ങളുടേയും എൻഡോസൾഫാൻ തളിക്കൽ, കരിമണൽ ഖനനം, പുഴമണൽ വാരൽ തുടങ്ങിയ വിഭവചൂഷണരീതികളുടേയും പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ/രീതികളുടെ ഭാവി എന്തായിരിക്കണം ? നിർത്തേണ്ടവയാണെങ്കിൽ അവയുടെ നിരോധനം/പിൻവാങ്ങലിനുള്ള പദ്ധതികൾ/നിർദ്ദേശങ്ങൾ എന്ത്?
   - ഖ) ജിം തുടങ്ങിയ സംരഭങ്ങൾ വഴി വന്നിട്ടുള്ള നിക്ഷേപങ്ങളെ മുകളിൽ പറഞ്ഞ കമ്മീഷൻ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്ത് ? അതിനുള്ള പ്രായോഗിക പരിപാടികളെന്തായിരിക്കണം ?
   - ഗ) വ്യവസായ - വാണിജ്യ നിക്ഷേപകർക്കായി ഒരു ജനകീയ അടിസ്ഥാന മാർഗ്ഗരേഖക്ക് രൂപം കൊടുക്കുകയും അത് സുസ്ഥിരമായി നടപ്പാക്കുകയും ചെയ്യുന്നതിനോട് നിങ്ങൾ യോജിക്കുമോ ? എങ്കിൽ അതിനുള്ള സംവിധാനങ്ങളും സമവായങ്ങളും (Consensus) എന്തായിരിക്കണം ?
5. അധികാര വികേന്ദ്രീകരണത്തെയും പഞ്ചായത്തീരാജ് സംവിധാനങ്ങളെയും എല്ലാ രാഷ്ട്രീയ കക്ഷികളും സ്വാഗതം ചെയ്യുന്നു. തങ്ങളുടെ ഏറ്റവും പ്രധാന/അടിസ്ഥാന പ്രകൃതി വിഭവമായ ജലം ഊറ്റിയെടുക്കുന്ന കമ്പനികളെ നിയന്ത്രിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ അധികാരങ്ങളുണ്ടോ ? പ്രാദേശിക വിഭവങ്ങൾക്കുമേൽ തദ്ദേശീയർക്കുള്ള അവകാശങ്ങൾ സർക്കാരുകൾ നൽകാതിരിക്കുന്നത് ശരിയാണോ ? ഇത്തരം വിഷയങ്ങൾ തെരഞ്ഞെടുപ്പിൽ ഉന്നയിക്കുമോ?

**മേൽപ്പറഞ്ഞവയ്ക്കുള്ള മറുപടി/പ്രതികരണം വായിക്കുക.**

### ഇവർ പ്രതികരിക്കാത്തവർ

നേരിട്ട്/കത്ത് മുഖേനെ/ഫോൺ-ഫാക്സ് വഴി പലതവണ/തുടർച്ചയായി ബന്ധപ്പെട്ടിട്ടും 'കേരളീയം' ചോദ്യാവലിക്ക് പ്രതികരണം നല്കാത്തവർ:

ഏ.കെ. ആന്റണി (മുഖ്യമന്ത്രി), വി.എസ്.അച്യുതാനന്ദൻ (പ്രതിപക്ഷനേതാവ്), കെ. മുരളീധരൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി), വി.എം. സുധീരൻ (മുൻ എം.പി., ലോകസഭ സ്ഥാനാർത്ഥി), പി.കെ. വാസുദേവൻനായർ (മുൻ മുഖ്യമന്ത്രി, ലോകസഭ സ്ഥാനാർത്ഥി), ഒ. രാജഗോപാൽ (കേന്ദ്രമന്ത്രി, ലോകസഭ സ്ഥാനാർത്ഥി), എ.സി. മൊയ്തീൻ (വടക്കാഞ്ചേരി സി.പി.ഐ. (എം.) നിയമസഭാ സ്ഥാനാർത്ഥി), എം.പി.വീരേന്ദ്രകുമാർ (മുൻ മന്ത്രി/എം.പി., ലോകസഭ സ്ഥാനാർത്ഥി), എം.എ. ബേബി (സി.പി.ഐ. (എം.) ആലപ്പുഴ ജില്ലാ സെക്രട്ടറി), ഡോ. സെബാസ്റ്റ്യൻ പോൾ (മുൻ എം.പി./ലോകസഭ സി.പി.ഐ.(എം.) സ്വതന്ത്ര സ്ഥാനാർത്ഥി), ഡോ. എഡ്വേർഡ് എടേഴത്ത് (കോൺഗ്രസ്സ് (ഐ.) എറണാകുളം ലോകസഭ സ്ഥാനാർത്ഥി), കെ. മുഹമ്മദാലി (കോൺഗ്രസ്സ് (ഐ.) ആലുവ എം.എൽ.എ.), ജോസ് കെ. മാണി (ലോകസഭ സ്ഥാനാർത്ഥി, കേരള കോൺഗ്രസ്സ് (എം.), ചേർക്കളം അബ്ദുള്ള (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി), പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവകുപ്പു മന്ത്രി), പി.എസ്. ശ്രീധരൻപിള്ള (ബി.ജെ.പി. സംസ്ഥാന പ്രസിഡണ്ട്), എൻ.എൻ. കൃഷ്ണദാസ് (മുൻ എം.പി., ലോകസഭ സി.പി.ഐ.(എം.) സ്ഥാനാർത്ഥി), ചാമുണ്ണി (സി.പി.ഐ. പാലക്കാട് ജില്ലാ സെക്രട്ടറി), പി.പി. സുനീർ (പൊന്നാനി സി.പി.ഐ. ലോകസഭാ സ്ഥാനാർത്ഥി), ഇ.പി. ജയരാജ് (സി.പി.ഐ. (എം.) തൃശൂർ ജില്ലാ സെക്രട്ടറി), ബേബി ജോൺ (സി.ഐ.ടി.യു. തൃശൂർ ജില്ലാ സെക്രട്ടറി), സി.കെ. ചന്ദ്രപ്പൻ (സിപി.ഐ. തൃശൂർ ലോകസഭ സ്ഥാനാർത്ഥി), കെ.പി. അനിൽകുമാർ (യൂത്ത് കോൺഗ്രസ്സ് (ഐ.) സംസ്ഥാന പ്രസിഡണ്ട്), മുല്ലപ്പള്ളി രാമചന്ദ്രൻ (മുൻ എം.പി./കണ്ണൂർ ലോകസഭ സ്ഥാനാർത്ഥി).

## വിഭവങ്ങൾ തദ്ദേശീയർക്ക്

### സി. ഉദയഭാസ്കർ

(ബി.ജെ.പി. പാലക്കാട് ലോകസഭ സ്ഥാനാർത്ഥി, വ്യവസായി)

1. ജലം അമൃതാണ്. Water is the elixer of life. പ്രകൃതിയിലെ മുഴുവൻ ജീവജാലങ്ങളുടേയും നിലനിൽപിന് ആവശ്യം വേണ്ട വെള്ളം വാണിജ്യാടിസ്ഥാനത്തിൽ ദുരുപയോഗം ചെയ്യുകയും ജലസമ്പത്തിനെ അനിയന്ത്രിതമായി ചൂഷണം ചെയ്യുകയും ചെയ്യുന്ന സംവിധാനം അംഗീകരിക്കത്തക്കതല്ല. ഭൂഗർഭജലസ്രോതസ്സുകൾ അമിതമായി ദുരുപയോഗം ചെയ്യുന്ന നടപടി സ്ഥലകാലഭേദമില്ലാതെ നീതീകരിക്കാനാവാത്തതാണ്. പ്രകൃതിവിരുദ്ധവും നിയമവിരുദ്ധവുമായ ഇത്തരം സംവിധാനങ്ങൾക്ക് സർക്കാർ കൂട്ടുനിൽക്കുന്നത് ശരിയല്ല.

2. വ്യവസായങ്ങൾ തുടങ്ങാനുള്ള മാനദണ്ഡങ്ങൾ പാലിക്കാനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. പക്ഷെ, ചില പ്രത്യേക ആനുകൂല്യങ്ങളിലൂടെ (Single window) വരുന്ന കമ്പനികളാണ് പ്രസ്തുത മാനദണ്ഡങ്ങൾ കാറ്റിൽപറത്തി പ്രവർത്തിയ്ക്കുന്നത്. ഇതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും കർശനമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. ഈ കമ്പനികളുടെ നിലനില്പിന്റെ കാലാവധിയെ കുറിച്ച് തീരുമാനിക്കേണ്ടത് ചുറ്റുപാടുമുള്ള പ്രബുദ്ധമായ സമാജമാണ്.

3. തീർച്ചയായും ഇത്തരം നടപടികൾ പക്ഷപാതപരമായി സർക്കാർ സ്വീകരിക്കേണ്ടതാണ്. പെപ്സിയുടെ പ്രവർത്തനത്തിലും അടുത്തു തന്നെ പുറത്തിറക്കിയ കോടതി ഉത്തരവ് അതാണ് സൂചിപ്പിക്കുന്നത്.

4. "ദൈവത്തിന്റെ നാട്" എന്നഭിമാനിക്കുന്ന കേരളത്തിന് സ്വന്തമായിട്ടുള്ളത് അനുപമായ കാലാവസ്ഥയും അമൂല്യമായ ജൈവസമ്പത്തുമാണ്. ഇതിനെ ചൂഷണം ചെയ്യുന്ന വ്യവസായങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത് ഈ സസ്യശ്യാമളകോമളഭൂവിനെ തകർക്കാനെ ഉപകരിക്കുകയുള്ളൂ. തീർച്ചയായും ഇത്തരം വിഷയങ്ങളെ കുറിച്ച് തീരുമാനമെടുക്കുന്നതിനായി ഒരു ജനകീയ കമ്മീഷൻ രൂപീകരിക്കുന്നത് ഉചിതമായിരിക്കും. ആ കമ്മീഷനാണ് അതാത് പ്രദേശങ്ങളുടെ സ്വഭാവത്തിനും തനിമയ്ക്കുമനുസൃതമായി പ്രവർത്തിക്കേണ്ട വ്യവസായങ്ങളെ കുറിച്ച് തീരുമാനിക്കേണ്ടത്.

ക. പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാതെയുള്ള ജീവിതാന്തരീക്ഷം സൃഷ്ടിക്കുക എന്നതായിരിക്കണം പരമപ്രധാനമായ കർത്തവ്യം. ഇത്തരം വ്യവസായങ്ങളുടെ പ്രവർത്തനത്തെ വിലയിരുത്തി, പ്രാദേശിക ജനതയുടെ വികാരങ്ങളെ മാനിച്ച് നടപടി എടുക്കാനുള്ള സംവിധാനത്തിന് സർക്കാർ രൂപം നൽകണം. ഇനിയെങ്കിലും മാനദണ്ഡങ്ങളെ ആധാരമാക്കി വ്യവസായാനുമതി നൽകി കഴിഞ്ഞാൽ ഭാവിയിൽ നിരോധനം - പിൻവാങ്ങൽ എന്നിവയ്ക്ക് പ്രസക്തി ഉണ്ടാകുന്നില്ല.

ഖ. ഏതു സംരംഭങ്ങൾ വഴിയുള്ള വ്യവസായമായാലും മേൽപറഞ്ഞ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തണം. കമ്മീഷന് നിയമസാധ്യത നൽകിക്കൊണ്ട് അധികാര നിർവഹണത്തിനുള്ള അംഗീകാരം നൽകണം. വസ്തുനിഷ്ഠമായി വിലയിരുത്തി ജനനന്മ മാത്രം ലാക്കാക്കി നിഷ്പക്ഷമായി പ്രവർത്തിയ്ക്കുന്ന ഒരു വിദഗ്ദ്ധ സമിതിയാകണം മേൽപറഞ്ഞ കമ്മീഷൻ. യാതൊരുവിധ സ്വാധീന വലയത്തിലും അകപ്പെടാതിരിക്കാനുള്ള ആർജ്ജവം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

ഗ. തീർച്ചയായും ഒരു ജനകീയ മാർഗ്ഗരേഖ ഉണ്ടാകുകയും അത് കാര്യക്ഷമമായി പാലിക്കുകയും ചെയ്യുന്ന സംവിധാനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റേയും കാലഘട്ടത്തിൽ അതിനോട് പടവെട്ടി വ്യവസായങ്ങൾ നടത്തിപ്പോരുന്ന വ്യവസായിയുടെ വികാരങ്ങളും മാനിക്കപ്പെടേണ്ടതാണ്. വികസിത രാജ്യങ്ങളുടെ കഴുത്തറപ്പൻ നയങ്ങളോട് പോരാടി അടുത്ത കാലത്ത് കേന്ദ്ര സർക്കാർ അന്താരാഷ്ട്ര വാണിജ്യ സമ്മേളനങ്ങളിൽ (ദോഹ, കാൻകൂൺ) നമ്മുടെ നിലപാട് വ്യക്തമാക്കാനും മറ്റു വികസ്വര രാജ്യങ്ങളുടെ നേതൃത്വം ഏറ്റെടുക്കാനും സാധിച്ചത് ഒരു വലിയ നേട്ടമാണ്. ആഗോളവൽക്കരണം ആഗോള പ്രതിഭാസമായിരിക്കെ അതിനെ വെല്ലുവിളികൾ നേരിടാൻ തക്ക വ്യവസായ സംരംഭകരും സർക്കാരും തമ്മിലുള്ള കൂട്ടായ്മയാണ് പ്രധാനം. പക്ഷേ, ആത്യന്തിക ലക്ഷ്യം പ്രകൃതിയോടും മനുഷ്യത്വത്തോടുമുള്ള അടങ്ങാത്ത അനുരാഗമാണെന്നത് മറക്കരുത്.

5. പ്രാദേശികതലത്തിലുള്ള പ്രകൃതി വിഭവങ്ങളുടെ അവകാശങ്ങൾ തീർച്ചയായും തദ്ദേശീയർക്കവകാശപ്പെട്ടതാണ്. അധികാരവികേന്ദ്രീകരണത്തിന്റെ കാലഘട്ടത്തിൽ ഇതിൽ നിന്നു വ്യത്യസ്ഥമായി ചിന്തിക്കുന്നത് ശരിയല്ല. അതാതു സ്ഥലങ്ങളുടെ തനിമയ്ക്കും പ്രതിഭയ്ക്കും അനുസൃതമായ സംവിധാനങ്ങൾ തിരഞ്ഞെടുക്കുന്നതാണ് ഏറ്റവും ഉചിതം. ജനശക്തിയുടെ പ്രകടനവേദിയായ തിരഞ്ഞെടുപ്പുകളിൽ ഈ വിഷയം സജീവ ചർച്ചാവിഷയമാകേണ്ടതാണ്. അനന്തമായ ജനശക്തിയുടെ ഇച്ഛാശക്തിയിൽ തിരുത്തിയെഴുതാൻ പറ്റാത്ത ഒന്നുമില്ലെന്ന സത്യം മറക്കാതിരിക്കുക.

## പ്രകൃതി ചൂഷണം തടയാൻ ജനകീയ കമ്മീഷൻ വേണം

### പി.എസ്. ശ്രീരാമൻ

(ബി.ജെ.പി. ജില്ലാ പ്രസിഡണ്ട്, തൃശൂർ ലോകസഭാ സ്ഥാനാർത്ഥി)

1. കൊക്കക്കോള കമ്പനിക്ക് അനുകൂലമായി കേരള സർക്കാർ ഗ്രാമപഞ്ചായത്ത് തീരുമാനം സ്റ്റേ ചെയ്ത നടപടി തികച്ചും തെറ്റും ജനവിരുദ്ധവുമാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യമായ കുടിവെള്ള പ്രശ്നത്തിലും ഭരണകൂടം ജനകീയ പക്ഷത്താണ് നിലകൊള്ളേണ്ടത്. ആയതിന് വിരുദ്ധമായ നിലപാടാണ് യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ടത്. വർഷക്കാലത്ത് കൊക്കക്കോള കമ്പനിയെ ജലമൂറ്റുന്നതിന് അനുവദിക്കുന്ന കാര്യത്തിൽ സ്ഥലത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും പരിഗണിച്ച് ശേഷം മാത്രം യുക്തമായ തീരുമാനം എടുക്കേണ്ടതാണ്.

2. വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനിയുടെ പ്രവർത്തനം നിയന്ത്രണ വിധേയമായി തുടരാവുന്നതാണ്. ആയതിനും സ്ഥലത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും പരിഗണിക്കേണ്ടതാണ്.

3. പുതുശ്ശേരി പഞ്ചായത്തിൽ ജലദൗർലഭ്യം രൂക്ഷമായതിനാൽ കൊക്കക്കോള കമ്പനിയോടുള്ള അതേ സമീപനം തന്നെ പെപ്സികോള കമ്പനിയോടും സ്വീകരിയ്ക്കേണ്ടതാണ്.

4. പ്രകൃതി ചൂഷണം വിലയിരത്തുന്നതിലേക്കായി പ്രസ്തുത രംഗത്തെ വിദഗ്ദരെ ഉൾപ്പെടുത്തികൊണ്ടുള്ള കമ്മീഷനെ നിയമിക്കുന്നത് നന്നായിരിക്കും. പ്രസ്തുത കമ്മീഷൻ തീർത്തും സ്വതന്ത്ര നിലപാട് കൈകൊള്ളുമെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ക. മേൽപറഞ്ഞ വിദഗ്ദ സമിതിയുടെ അഭിപ്രായത്തിൽ സാമൂഹ്യ, ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും അനുയോജ്യമായ നിയമങ്ങൾക്ക് രൂപം കൊടുക്കേണ്ടതുമാണ്.

ഖ. ഏതു വ്യവസായ സംരഭവും മേൽപറഞ്ഞ വിദഗ്ധകമ്മീഷന്റെ അംഗീകാരത്തിനു ശേഷമേ അനുവാദം നൽകാവൂ.

ഗ. വ്യവസായ വാണിജ്യ നിക്ഷേപകർക്കായി ഒരു ജനകീയ അടിസ്ഥാന മാർഗ്ഗരേഖ ഉണ്ടാക്കുന്നതും നടപ്പിലാക്കുന്നതും നന്നായിരിക്കും എന്നാൽ പ്രസ്തുത നയരേഖ ലക്ഷാക്കണക്കിന് വരുന്ന തൊഴിലില്ലാത്ത യുവജനങ്ങളെ കൂടി മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം.

5. ജലവിനിയോഗ നിയന്ത്രണങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും ജലവിഭവങ്ങളെ ദുരുപയോഗം ചെയ്യുന്നവർക്കെതിരെ ശിക്ഷണ നടപടി കൈകൊള്ളുവാൻ ഉള്ള അധികാരം കൂടി പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

മേൽപറഞ്ഞ വിഷയങ്ങൾ ഓരോ രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളും അവരവരുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ടതും ആയതിലേക്ക് ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.